## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

തൊഴിൽ വൈദഗ്ദ്ധ്യ കേന്ദ്രങ്ങൾ

864 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വൈദഗ്ദ്ധ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എവിടെയൊക്കെയാണ് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തൊഴിൽ പരിശീലനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ നൽകാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

എംപ്ലോയബലിറ്റി സെന്ററുകൾ

865 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബലിറ്റി സെന്ററാക്കി മാറ്റുന്ന നടപടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ നിന്ന് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

## തൊഴിൽ വകുപ്പ് മന്ത്രി ഗുജറാത്ത് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ച

866 ശ്രീ. ജി. സുധാകരൻ
,, കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പുമന്ത്രി ഗുജറാത്ത് മുഖ്യമന്ത്രിയെ സന്ദർശിച്ച് നടത്തിയ ഔദ്യോഗിക ചർച്ചയുടെ വിശദാംശം അറിയിക്കാമോ ;

(ബി) തൊഴിൽ മേഖലയിൽ ഗുജറാത്തിലെ ഏതെല്ലാം കാര്യങ്ങളാണ് സംസ്ഥാനത്തിന് അനുകരണീയമായതെന്ന് വ്യക്തമാക്കുമോ ; അവയിൽ ഏതെല്ലാമാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) മന്ത്രി നടത്തിയ ചർച്ച മന്ത്രിസഭയുടെയോ മുഖ്യമന്ത്രിയുടേയോ അറിവോടെയായിരുന്നുവോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>നോക്കുകൂലി, അമിതകൂലി എന്നിവ തടയുന്നതിന് നടപടി</u>

867 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി, അമിതകൂലി എന്നിവ തടയുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പിനായി സഹകരിച്ചത് ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>നോക്കുകൂലി നിരോധനം</u>

868

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിരോധിക്കുവാനും അത് ലംഘിക്കുന്നവരെ ശിക്ഷിക്കുവാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോഴും നോക്കുകൂലി വാങ്ങിക്കുകയും ഗുണ്ടകളെപ്പോലെ പെരുമാറുകയും ചെയ്യുന്നവരെ ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നോക്കുകൂലി ആവശ്യപ്പെടുന്നതും വാങ്ങുന്നതും കവർച്ചാകുറ്റത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>വ്യാപാര സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനു നടപടി</u>

869

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട ഷോപ്പിംഗ് മാളുകൾ, തുണിക്കടകൾ തുടങ്ങിയ വ്യാപാരസ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവർ, പ്രത്യേകിച്ചും സ്ത്രീകൾ, വൻതോതിൽ ചൂഷണത്തിന് വിധേയരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ജോലി സമയം, കൂലി, തുടർച്ചയായ അധ്വാനം, തുടങ്ങിയ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ഈ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ കഴിയുമോ; ഈ വിഭാഗം തൊഴിലാളികളുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതനം</u>

870 ശ്രീ. സി. പി. മുഹമ്മദ്
,, പാലോട് രവി
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർ അടക്കമുള്ള ജീവനക്കാർക്ക് വേതനം വർദ്ധിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്വകാര്യ ആശുപത്രികളാണ് പ്രസ്തുത നടപടിയുമായി സഹകരിച്ചത്;

(സി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതന വർദ്ധനവിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രി ജീവനക്കാരുടെ പ്രശ്നങ്ങൾ</u>

871

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനും മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിനായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികൾ സന്ദർശിച്ച് പീരിയോഡിക്കൽ റിപ്പോർട്ട് നൽകുന്നുണ്ടോ; വിശദാംശം നൽകാമോ; ഏതു റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ</u>

872 ശ്രീ.കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് ധാരണയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രി മാനേജ്മെന്റുമായിട്ടുള്ള ധാരണയിലാണ് നേഴ്സുമാരുടെ വേതന ഘടന നിശ്ചയിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർ വീണ്ടും സമരരംഗത്തേക്ക് വരുവാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ബലരാമൻ കമ്മിറ്റി റിപ്പോർട്ടിൻമേൽ നടപടി

T873 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ബലരാമൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കുവാൻ വൈകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>മണപ്പുറം ഫിനാൻസിലെ പണിമുടക്ക്</u>

874 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോൺ ബാങ്കിംഗ് ധനകാര്യസ്ഥാപനമായ മണപ്പുറം ഫിനാൻസിൽ തൊഴിലാളികൾ പണിമുടക്ക് നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനേജ്മെന്റിന്റെ തൊഴിലാളിദ്രോഹ നടപടികൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ മാനേജ്മെന്റിന്റെ തൊഴിലാളിദ്രോഹ നടപടികൾ അവസാനിപ്പിക്കുന്നതിനും യൂണിയൻ സെക്രട്ടറിയുടെ അനിശ്ചിതകാല നിരാഹാരമടക്കമുള്ള സമരം ഒത്തുതീർപ്പിലെത്തിക്കുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ പാർപ്പിട സൗകര്യം</u>

875

ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്കായി പാർപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇവരുടെ താമസ സൗകര്യങ്ങൾ നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം നിയന്ത്രിക്കാൻ നടപടി</u>

876 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നുകയറ്റം മൂലം സംസ്ഥാനത്ത് സാമ്പത്തിക ചോർച്ച ഉണ്ടാകുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ഇതുമൂലം തദ്ദേശീയർക്ക് തൊഴിൽ മേഖലയിൽ അവസരങ്ങൾ കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവരുടെ കുടിയേറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാനത്തൊഴിലാളികൾ</u>

T877 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനത്തൊഴിലാളികളുടെ എണ്ണവും പ്രവർത്തനമേഖലകളും വർദ്ധിച്ചു വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനത്തൊഴിലാളികളുടെ സാന്നിധ്യം സംസ്ഥാനത്തെ സാമ്പത്തിക-സാമൂഹിക മേഖലകളിൽച്ചെലുത്തുന്ന സ്വാധീനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) അന്യസംസ്ഥാനത്തൊഴിലാളികളുടെ പ്രവർത്തനവും അതുമൂലമുണ്ടാകുന്ന പ്രത്യാഘാതവും നിരീക്ഷിക്കുന്നതും നിയന്ത്രണ വിധേയമാക്കുന്നതും സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം</u>

878 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ;

(ബി) എങ്കിൽ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്ന നടപടി</u>

879 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികളെ ഏജന്റുമാർ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത ചൂഷണം തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

880 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവർ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ എന്നിവ പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലിചെയ്യുന്നുണ്ടെന്നും പ്രതിവർഷം എത്ര രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുന്നുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പദ്ധതി</u>

881 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ (ലോക്സഭയിൽ വച്ചത്) തൊഴിൽ ഇല്ലാത്തവരുടെ ശതമാന കണക്കിൽ കേരളം എത്രാം സ്ഥാനത്ത് ആയിരുന്നു;

(ബി) തൊഴിൽരഹിതരായ യുവജനങ്ങളുടെ തൊഴിൽ അഭിരുചി സംബന്ധിച്ച് ആധികാരികമായ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങശ് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>തൊഴിൽരഹിത വേതന വിതരണം</u>

882 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012–13 സാമ്പത്തിക വർഷത്തിലേക്ക് തൊഴിൽ രഹിത വേതനമായി എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്; ഇതിൽ വനിതകൾ, യുവാക്കൾ, എന്നിവരുടെ കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ;

(ബി) തൊഴിൽ രഹിത വേതന വിതരണത്തിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതന കുടിശ്ശിക</u>

883 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതന കുടിശ്ശിക നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട്;

(ബി) കുടിശ്ശിക പൂർണ്ണമായും തീർത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ തൊഴിലില്ലായ്മ വേതനം നൽകുന്നതിനായി എത്ര കോടി രൂപാ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികൾക്ക് ഹൗസിംഗ് പദ്ധതി</u>

884 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികൾക്ക് വേണ്ടി ഹൗസിംഗ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്കായി എവിടെയെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികളുടെ വീട് നിർമ്മാണത്തിന് കമ്പനി</u>

885 ശ്രീ. ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വീട് നിർമ്മാണത്തിന് പുതിയ കമ്പനി രൂപവൽക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കമ്പനിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രവർത്തന രീതിയും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാൻഡം ഓഫ് അസോസിയേഷനും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സുരക്ഷാ സേന</u>

886 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ.ശിവദാസൻ നായർ
,, സി.പി.മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സുരക്ഷാ സേന സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സേനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവർക്ക് കൂടുതൽ തൊഴിൽ സാധ്യത കണ്ടെത്താൻ എന്തെല്ലാം പരിശീലനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ നേതൃത്വത്തിലും സഹകരണത്തിലുമാണ് സേന പ്രവർത്തിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സെക്യൂരിറ്റി സർവ്വീസിൽ പരിശീലനം</u>

887 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി സർവ്വീസിൽ പരിശിലനം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ക്ഷേമനിധി പ്രവർത്തനങ്ങളുടെ ഏകീകരണം</u>

888 ശ്രീ.എം. എ. വാഹിദ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' എ. റ്റി. ജോർജ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധികൾ ഒറ്റ ക്ഷേമനിധി ഓഫീസിനു കീഴിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ക്ഷേമനിധികളുടെ ബന്ധപ്പെട്ട ഫയലുകൾ ഡിജിറ്റലൈസ് ചെയ്യുന്ന കാര്യം ആലോചിക്കുമോ;

(ഡി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഒറ്റ ഓഫീസിന് കീഴിലാക്കാനുദ്ദേശിക്കുന്നത്;

(ഇ) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ നിക്ഷേപം</u>

889 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിൽ എത്ര രൂപ ഏതെല്ലാം അക്കൗണ്ടുകളിൽ ഏതെല്ലാം ബാങ്കിൽ നിക്ഷേപം ഉണ്ടായിരുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ എത്ര രൂപ ഏതെല്ലാം ബാങ്കിൽ ഏതെല്ലാം അക്കൗണ്ടിൽ നിക്ഷേപമായി ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിൽ വിവിധ ബാങ്കുകളിൽ ഉണ്ടായിരുന്ന സ്ഥിരം നിക്ഷേപം കഴിഞ്ഞ സർക്കാരിന്റെ കാലത്തു നല്കിയിരുന്ന ബാങ്കുകളിൽ നിന്ന് മാറ്റാനുള്ള കാരണം വിശദമാക്കുമോ;

(ഡി) ദേശസാൽകൃത ബാങ്കുകളിലെ നിക്ഷേപം ഷെഡ്യൂൾഡ് ബാങ്കിലേക്ക് മാറ്റുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കര്‍ഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള ഭൂഉടമാവിഹിതം

890 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകത്തൊഴിലാളി ക്ഷേമനിധി ബോര്‍ഡിന്റെ ധനസ്രോതസ് വര്‍ദ്ധിപ്പിക്കാന്‍ ഭൂഉടമാവിഹിതം വര്‍ദ്ധിപ്പിക്കുന്നതിന് കേരള കര്‍ഷകത്തൊഴിലാളി നിയമം ഭേദഗതി ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കില്‍ വിഹിതത്തില്‍ വരുത്തിയ വര്‍ദ്ധനവ് എത്രയാണെന്നും എന്ന് മുതലാണ് നിയമഭേദഗതി വരുത്തിയതെന്നും വ്യക്തമാക്കുമോ ;

(ബി) റവന്യൂ വകുപ്പ് വഴി വര്‍ദ്ധിപ്പിച്ച നിരക്കിലുള്ള ഭൂഉടമാവിഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടി ക്രമങ്ങളെ സംബന്ധിച്ച് 17.08.2010ല്‍ കര്‍ഷകത്തൊഴിലാളി ക്ഷേമനിധി ബോര്‍ഡ് സമര്‍പ്പിച്ച പ്രൊപ്പോസലില്‍ തൊഴില്‍ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കില്‍ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഹിതം എന്നു മുതല്‍ പിരിച്ചെടുത്തു തുടങ്ങിയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോര്‍ഡുകളില്‍നിന്നും സര്‍ക്കാര്‍ എടുത്ത വായ്പ</u>

891 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തൊഴില്‍ വകുപ്പിനുകീഴില്‍ എത്ര ക്ഷേമ നിധി ബോര്‍ഡുകള്‍ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി ബോര്‍ഡുകളില്‍നിന്നും സംസ്ഥാന സര്‍ക്കാരിന് എത്ര തുക വായ്പ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഓരോ ക്ഷേമനിധി ബോര്‍ഡിലും എത്ര തുക നീക്കിയിരിപ്പുണ്ടെന്നും ഇവ എവിടെയെല്ലാമാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിച്ച ക്ഷേമനിധികൾ</u>

892 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വിഭാഗക്കാർക്കാണ് പുതുതായി ക്ഷേമിധി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമനിധി</u>

893 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും സർവ്വേ തൊഴിൽ വകുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന തൊഴിലാളി ക്ഷേമനിധിയിൽ ഇതുവരെ എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെങ്കിലും പ്രവർത്തനം നടത്തുന്നുണ്ടോ;

(ഡി) എല്ലാ അന്യസംസ്ഥാന തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം</u>

894 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധികളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവാഹ ധനസഹായത്തിനായി അപേക്ഷിച്ച് ആറുമാസം കഴിഞ്ഞിട്ടും ലഭിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കാലതാമസം ഒഴിവാക്കുന്നതിനും വിവാഹധനസഹായം പതിനായിരം രൂപയായെങ്കിലും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കര്‍ഷകത്തൊഴിലാളി ക്ഷേമനിധി ബോര്‍ഡിലെ കുടിശ്ശിക</u>

895 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകത്തൊഴിലാളി ക്ഷേമനിധി ബോര്‍ഡില്‍ നിന്നും അംഗങ്ങള്‍ക്കുള്ള ഏതെല്ലാം ക്ഷേമാനുകൂല്യങ്ങള്‍ കുടിശ്ശികയുണ്ട്;

(ബി) ഓരോ ഇനത്തിലും കുടിശ്ശിക എത്ര വീതമാണ്;

(സി) ഇവ കൊടുത്തുതീര്‍ക്കുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസ്</u>

896

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തയ്യൽ തൊഴിലാളിക്ഷേമനിധി ഓഫീസ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എത്ര അംഗങ്ങൾ ഉണ്ട്;

(സി) ഇല്ലെങ്കിൽ അത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം</u>

897

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വിവിധ കാരണങ്ങളാൽ പുതുക്കാൻ കഴിയാതെ പോയ ഉദ്യോഗാർത്ഥികളുടെ സീനിയോരിറ്റി നില നിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് നടപടി ഉണ്ടാകുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

898 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് 31 വരെ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പുരുഷൻമാർ എത്ര; വനിതകൾ എത്ര;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേർക്ക് ജോലി ലഭിച്ചു; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയല്ലാതെ പല വകുപ്പുകളുടെയും കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവത്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ നടപടി

899 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം ഐ.ടി.ഐ. കളെയാണ് ടി പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) മലപ്പുറം ജില്ലയിലെ അരീക്കോട് പ്രവർത്തിക്കുന്ന ഐ. ടി.ഐ. യുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്ന പദ്ധതിയിൽ അരീക്കോട് ഐ.ടി.ഐ.യെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഐ. ടി.ഐ ട്രെയിനികളുടെ സ്റ്റൈപ്പന്റ്

900 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ട്രെയിനികൾക്കു നൽകിവരുന്ന ജനറൽ സ്റ്റൈപ്പന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ട്രെയിനികൾക്ക്, വർക്ക്ഷോപ്പുകളിൽ ഉപയോഗിക്കുന്നതിനുള്ള കാക്കി യൂണിഫോം കൃത്യമായി ലഭ്യമാക്കുന്നതിനും, സ്റ്റിച്ചിംഗ് ചാർജ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഐ. ടി.ഐ കൾക്ക് സ്ഥലം</u>

901 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-12 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പള്ളിപ്പാട്, പെരിഞ്ഞാനം, വടക്കാഞ്ചേരി, നിലക്കമുക്ക്, തൂക്കുപാലം, പെരിന്തൽമണ്ണ, കുട്ടനാട്, ചെറുകുന്ന്, ചാത്തമംഗലം, പീരുമേട് എന്നി പത്ത് ഐ. ടി.ഐ കൾക്ക് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ</u>

902 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ചാത്തന്നൂർ ഗവ. ഐ.ടി.ഐ. യിൽ പുതുതായി ഏതൊക്കെ ട്രേഡുകൾ ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(ബി) പുതുതായി ട്രേഡുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാത്തതിലും, പുതിയ തസ്തിക അനുവദിക്കാത്തതിലും പ്രതിഷേധം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഐ.ടി.ഐ.യിൽ പുതിയ ട്രേഡും അതനുസരിച്ചുള്ള തസ്തികകളും അനുവദിക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

പൂതക്കുളം ഗ്രാമപഞ്ചായത്തിൽ വനിത ഐ.ടി.ഐ

903 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര ഐ.ടി.ഐ കൾ അനുവദിച്ചു അവ എവിടൊക്കെയാണ്;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂതക്കുളം ഗ്രാമ പഞ്ചായത്തിൽ വനിത ഐ.ടി.ഐ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു അപേക്ഷ ലഭിച്ചിരുന്നുവോ; അതിന്മേൽ ആനുകൂല നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മാറഞ്ചേരി ഗവ. ഐ. ടി. ഐ. കെട്ടിടനിർമ്മാണം</u>

904 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവ. ഐ. ടി. ഐ.യുടെ കെട്ടിടനിർമ്മാണത്തിന് 2013-14-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 2.5 കോടിയുടെ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇതിന്റെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ. യിലെ സ്കിൽ ഡെവലപ്മെന്റ് പദ്ധതി</u>

905 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്കിൽ ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ. യിൽ ടോയോട്ട ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും പ്രസ്തുത പ്രോഗ്രാം എന്ന് ആരംഭിക്കുവാൻ സാധിക്കും എന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഫാക്ടറീസ് ആന്റ് ബോയ്‌ലേയ്‌സ് വകുപ്പിന്റെ ചുമതലകൾ

906 ശ്രീ. ബെന്നി ബെഹനാൻ
'' ഹൈബി ഈഡൻ
'' റ്റി. എൻ. പ്രതാപൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേയ്‌സ് വകുപ്പിന്റെ ചുമതലകൾ എന്തെല്ലാം;

(ബി) സംസ്ഥാനത്തെ വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം, എന്നിവയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നത്;

(സി) തൊഴിലാളികളുടേയും ഫാക്ടറികളുടെ സമീപ പ്രദേശത്തുള്ളവരുടേയും സുരക്ഷിതത്വബോധം വളർത്തുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് വകുപ്പ് നടത്തുന്നത്;

(ഡി) ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

907 ശ്രീ. ഹൈബി ഈഡൻ
'' സി. പി. മുഹമ്മദ്
'' ഷാഫി പറമ്പിൽ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചികിൽസയ്ക്ക് വിധേയരാകുന്ന രോഗികൾക്കായി ആശുപത്രികളിൽ എൻറോൾമെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സെന്ററിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിവരിക്കുമോ;

(ഡി) ഏതെല്ലാം സേവനങ്ങളാണ് ഈ സെന്റർ വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

908 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) യുണൈറ്റഡ് ഇന്ത്യ അഷ്വറൻസ് കമ്പനിയെ ഒഴിവാക്കി റിലയൻസിന് പ്രസ്തുത പദ്ധതി നൽകാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) അപകടമരണത്തിന് എത്ര ലക്ഷം രൂപയാണ് റിലയൻസ് നഷ്ടപരിഹാരമായി നൽകുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആം ആദ്മി ഭീമ യോജന പദ്ധതി</u>

T909 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആം ആദ്മി ഭീമ യോജന (എ.എ.ബി.വൈ) യിൽ അക്ഷയ കേന്ദ്രങ്ങൾ വഴി സംസ്ഥാനത്ത് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇൻഷുറൻസ് സ്കീമിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; അർഹതയുള്ളവർ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ടവരാണ് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2013–ലെ മറുപടിക്ക്**

<u>ഇ.എസ്.ഐ ആശുപത്രികളിൽ നിന്നുള്ള സേവനം</u>

910 ശ്രീ. സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എം. ഷാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ ആശുപത്രികളിൽ നിന്നുള്ള സേവനം കാര്യക്ഷമമാക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ആധുനിക പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കിടത്തി ചികിത്സയുള്ള പ്രസ്തുത ആശുപത്രികളിൽ ആകെ എത്ര കിടക്കകളാണുള്ളത്; ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും</u>

911 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും പ്രവൃത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള പട്ടിക നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ആശുപത്രികളും ഡിസ്പെൻസറികളും അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്;

(ഡി) ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്ന ചികിത്സാ ആനുകൂല്യങ്ങൾ പൂർണ്ണമായും ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കൽപ്പറ്റ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി</u>

912 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടമേഖലകൾ ഉൾപ്പെടുന്ന ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ഇല്ലാത്തതെന്നു വ്യക്തമാക്കുമോ;

(ബി) ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(സി) വയനാട് ജില്ലയിലെ കൽപ്പറ്റ കേന്ദ്രീകരിച്ച് ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?